*"ഭരണഭാഷ-മാതൃഭാഷ"*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

**Phone : 0471-2324951**
**0471-2325071**
**TeleFAX:0471-2324951**
**email: celsgd@gmail.com**
**website: www.celsgd.com**

**നം.ഡിബി 5/10274/13/സിഇ/തസ്വഭവ.** **തീയതി : 11.11.2015**

## സർക്കുലർ

വിഷയം:- തസ്വഭവ - സാമൂഹ്യനീതി വകുപ്പ് - മാതൃക അങ്കണവാടി നിർമ്മാണം - സംബന്ധിച്ച്

സൂചന:- 1) ഐ.സി.ഡി.എസ്/എ8-16088/15 തീയതി 06.10.2015.
2) ഐ.സി.ഡി.എസ്/എ8-20439/14 തീയതി 26.10.2015.

സൂചന (1), (2) ശ്രദ്ധിച്ചാലും. മാതൃകാ അങ്കണവാടികളുടെ ഭരണാനുമതി തുകയായ 23.75 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് സാമൂഹ്യനീതി വകുപ്പ് വിഹിതമായ 17 ലക്ഷം രൂപയും ബഹു. എം.എൽ.എ വിഹിതമായ 6.75 ലക്ഷം രൂപയും വിനിയോഗിക്കേണ്ടതാണ്. എന്നാൽ 23.75 ലക്ഷം രൂപയ്ക്കകത്ത് പൂർത്തീകരിക്കുന്ന പക്ഷം പ്രവൃത്തികൾക്ക് സാമൂഹ്യനീതി വകുപ്പ് വിഹിതവും എം.എൽ.എ വിഹിതവും ആനുപാതികമായി മാത്രമേ ലഭിക്കുകയുള്ളൂ. ആയതിനാൽ ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് മേൽപ്രതിപാദിച്ച സാമൂഹിക നീതി വകുപ്പിന്റെ ആനുപാതിക തുക, 17 ലക്ഷത്തിൽ നിന്നും കിഴിവ് വരുത്തി ബാക്കിതുക സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ റീഫണ്ട് ചെയ്യേണ്ടതാണ്. ഭരണാനുമതി തുകയിൽ നിന്നും 15% വരെ അധികരിക്കുന്ന തുക അനുവദിക്കുന്നതിന് ബഹു. സർക്കാർ അനുമതി ആവശ്യമായതിനാൽ ഉള്ളടക്കത്തിലുള്ള പ്രൊഫോർമ പ്രകാരം ഭരണാനുമതി തുകയിൽ നിന്ന് അധികമായി വേണ്ടിവരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും ഇതിനാൽ നിർദ്ദേശിക്കുന്നു. വിഷയത്തിന്റെ അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് കാലതാമസം വരുത്താതെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉള്ളടക്കം : സൂചന 1, 2 പകർപ്പ്

ചീഫ് എൻജിനീയർ

S 1007

10456
30.10.15

29.10.15

Office of the Chief Engineer (LSGD), Thiruvananthapuram

**Urgent**

നം:ICDS.A8-20439/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 26.10.2015

| | |
|---|---|
| CE | |
| DCE | |
| EE | |
| AEE | |
| AA | |
| JS | |

സാമൂഹ്യനീതി ഡയറക്ടർ

ചീഫ് എഞ്ചിനീയർ,
തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

DB5

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - മാതൃക അങ്കണവാടി കെട്ടിടനിർമ്മാണം - 15% അധികരിക്കുന്ന തുക - പുതുക്കിയ അടങ്കൽ തുക - സംബന്ധിച്ച്.

സൂചന :- 2.2.2015ലെ സ.ഉ(സാധാ) നം. 52/2015/സാനീവ ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാതൃക അങ്കണവാടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടത്തിന് വകയിരുത്തിയ 2.75ലക്ഷം രൂപയിൽ പരമാവധി 15% വരെ അധികരിക്കുന്ന തുക 2012 SOR പ്രകാരം അനുവദിക്കുന്നതിന് സൂചന ഒന്ന് പ്രകാരം അനുമതി നിലവിലുണ്ട്. ഓരോ വർഷത്തേയും കെട്ടിടനിർമ്മാണങ്ങളുടെ എസ്റ്റിമേറ്റ് latest SOR/DSR പ്രകാരം തയ്യാറാക്കുന്നതാകയാൽ ടി 15% അധികരിക്കുന്ന തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. നിലവിൽ നിർമ്മാണ പ്രവർത്തികൾ നടന്ന് വരുന്നതും നിലവിൽ ഭരണാനുമതി ലഭിച്ച തുകയ്ക്ക് പുറമേ അധികമായി വേണ്ടി വരുന്ന തുകയുടെ വിശദമായ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമ പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

S 28 October 2015

## Model Anganwadi Estimate Report

| Sl. No. | LA Constituency | G.O.Number | A.S.Amount | Year of SOR | Excess A.S. Amount needed |
|---|---|---|---|---|---|
| | | | | | |

S 28 October 2015

| | |
|---|---|
| CE | |
| DCE | |
| EE | |
| AEE | |
| AA | |
| JS | |

10457
30.10.15

29.10.15

"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

നം.ഐസിഡിഎസ്/എ8-16088/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 6-10-2015

സാമൂഹ്യനീതി ഡയറക്ടർ.

ചീഫ് എൻജിനീയർ,
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം.

DB5 സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - തുക ക്രമീകരിച്ച് അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 25-2-2015, 18-5-2015 തീയതികളിലെ ICDS/A8-5410/15 നമ്പർ ഉത്തരവുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണാനുമതി ലഭ്യമായിട്ടുള്ള 78 നിയോജകമണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണങ്ങളുടെ വകുപ്പ് വിഹിതം (ഒരു അങ്കണവാടിക്ക് 17 ലക്ഷം രൂപ ക്രമത്തിൽ) സൂചന പ്രകാരം ബന്ധപ്പെട്ട ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ TSB അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടത്തിന്റെ അടങ്കൽ തുകയായ 23.75ലക്ഷം രൂപയിൽ വകുപ്പ് വിഹിതമായി 17 ലക്ഷവും ബന്ധപ്പെട്ട MLA വിഹിതമായി 6.75ലക്ഷവും വഹിക്കണം. കെട്ടിട നിർമ്മാണം 23.75ലക്ഷം രൂപയ്ക്കകത്ത് പൂർത്തീകരിക്കുന്ന പക്ഷം ആയതിന് ആനുപാതികമായി വകുപ്പ് വിഹിതവും MLA വിഹിതവും ക്രമീകരിച്ച് നൽകുന്നതിനും വകുപ്പ് വിഹിതമായി അനുവദിച്ച 17 ലക്ഷം രൂപയിൽ ശേഷിക്കുന്ന തുക സാമൂഹ്യനീതി ഡയറക്ടറുടെ TSB അക്കൗണ്ടിൽ റീഫണ്ട് ചെയ്യുന്നതിനും നിർദ്ദേശം ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയിട്ടുളതാണ്. എന്നാൽ

ടി നിർദ്ദേശം പാലിക്കപ്പെടുന്നതായി കാണുന്നില്ല. ആയതിനാൽ താങ്കളുടെ ഓഫീസിൽ നിന്നു ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് കീഴ് കാര്യാലയങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/